സ്പോർട്സ് 1 /57319/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 17.08.2017

പ്രേക്ഷിതൻ

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- പൊ വി - സ്പോർട്സ് - സ്പോർട്സ് മത്സരങ്ങളിലെ കാറ്റഗറിയിൽ (സബ് ജൂനിയർ, ജൂനിയർ, സീനിയർ) ക്ലാസ്സ് നിബന്ധന മാറ്റി വയസ്സ് മാത്രം മാനദണ്ഡമാക്കുന്നത് - സംബന്ധിച്ച്

സൂചന :- 10.08.2017 ലെ എസ്.ജി.എഫ് ഐ യുടെ കത്ത് നമ്പർ 0628/17-18

സൂചനയിലെ കത്ത് പ്രകാരം എസ്. ജി. എഫ്. ഐ യുടെ പുതിയ നിയമം അനുസരിച്ച് ഓരോ കാറ്റഗറിയിലേക്കുമുള്ള മത്സരത്തിന് കുട്ടി പഠിക്കുന്ന ക്ലാസ്സ് എന്ന നിലവിലുള്ള മാനദണ്ഡം ഒഴിവാക്കി കുട്ടിയുടെ വയസ്സ് അടിസ്ഥാനത്തിൽ മാത്രമേ ഓരോ കാറ്റഗറിയിലേക്കുള്ള രജിസ്ട്രേഷൻ നടത്താവൂ എന്ന് അറിയിച്ചിരിക്കുന്നു. ആയതിനാൽ **www.schoolsports.in** എന്ന വെബ്സൈറ്റിൽ മാറ്റങ്ങൾ വരുത്തി പുതിയതായി വയസ്സ് അടിസ്ഥാനത്തിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്കൂളുകളും വീണ്ടും login ചെയ്ത് മാറ്റം ആവശ്യമാണെങ്കിൽ എഡിറ്റിംഗ് നടത്തേണ്ടതാണ്. വിവരങ്ങൾ confirm ചെയ്തുപോയ സ്കൂളുകൾക്ക് ആവശ്യമായ എഡിറ്റിംഗ് ചെയ്യുന്നതിനു വേണ്ടി reset ചെയ്ത് ലഭിക്കുന്നതിനായി അതാത് സബ്ജില്ലാ സെക്രട്ടറിമാരെ സമീപിക്കാവുന്നതാണ്. കൂടാതെ സംസ്ഥാനതല മത്സരങ്ങൾ എല്ലാം തന്നെ മുൻപ് പ്രസിദ്ധീകരിച്ച കലണ്ടർ പ്രകാരം തന്നെ നടത്തപ്പെടുന്നതാണ്. ഈ വിവരം എല്ലാ സബ്ജില്ലാ സെക്രട്ടറിമാരെയും, സ്കൂളുകളെയും ഹയർസെക്കണ്ടറി വിഭാഗത്തേയും വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തേയും അടിയന്തിരമായി അറിയിക്കേണ്ടതാണ്.

DIRECTORATE OF PUBLIC INSTRUCTION
THIRUVANANTHAPURAM 14

വിശ്വസ്തയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി